പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 39

# 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 39

# 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

1406/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 39

# 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959-ലെ 6) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2019 മേയ് 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെ (1959-ലെ 6) (ഇതിനു ശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾക്ക് പകരം "പൊതു വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, " ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ" എന്നീ വാക്കുകൾക്ക് പകരം " പൊതു വിദ്യാഭ്യാസ ഡയറക്ടർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. 9-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്റ്റിലെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "ഹെഡ്മാസ്റ്റർ" എന്ന വാക്കിന് പകരം "ഹെഡ്മാസ്റ്റർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസ് അല്ലെങ്കിൽ വൈസ്-പ്രിൻസിപ്പൽ, അതതുസംഗതിപോലെ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ,—

(എ) (ജി) ഖണ്ഡത്തിൽ, "ഹെഡ്മാസ്റ്റർമാർ" എന്ന വാക്കിന് പകരം "ഹെഡ്മാസ്റ്റർമാർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസുമാർ അല്ലെങ്കിൽ വൈസ്- പ്രിൻസിപ്പൽമാർ, അതതുസംഗതിപോലെ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(ബി) (എച്ച്) ഖണ്ഡത്തിൽ, "ഹെഡ്മാസ്റ്റർമാർ" എന്ന വാക്കിന് പകരം "ഹെഡ്മാസ്റ്റർമാർ അല്ലെങ്കിൽ ഹെഡ്മിസ്ട്രസുമാർ അല്ലെങ്കിൽ വൈസ്- പ്രിൻസിപ്പൽമാർ, അതതുസംഗതിപോലെ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. 22-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പ് (iv)-ാം ഖണ്ഡത്തിൽ " വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾക്ക് പകരം " പൊതു വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

6. 34-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 34-ാം വകുപ്പിൽ "വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾക്ക് പകരം "പൊതു വിദ്യാഭ്യാസ വകുപ്പ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ് (2021-ലെ 101) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2009-ലെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റിന്റെ (2009-ലെ 35-ാം കേന്ദ്ര ആക്റ്റ്) അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൊണ്ടുവരേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിന് പ്രൊഫ. (ഡോ.) എം. എ. ഖാദർ ചെയർമാനായി ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുന്നതിന് 2019 മേയ് 31-ാം തീയതിയിലെ സ.ഉ. നമ്പർ (കൈയ്യെഴുത്ത്) 53/2019/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്

നിയമപരമായ പ്രഭാവം നല്കുന്നതിന് 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിൽ (1959-ലെ 6) ആനുഷംഗികമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ആയതിനാൽ, 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിന്റെ (1959-ലെ 6) 4-ാം വകുപ്പ് (1)-ഉം (2)-ഉം ഉപവകുപ്പുകളും 9-ാം വകുപ്പ് (1)-ാം ഉപവകുപ്പും 17-ാം വകുപ്പ് (ജി), (എച്ച്) എന്നീ ഖണ്ഡങ്ങളും 22-ാം വകുപ്പ് (iv) -ാം ഖണ്ഡവും 34-ാം വകുപ്പും ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2019-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2019 സെപ്റ്റംബർ 8-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2019 സെപ്റ്റംബർ 16-ാം തീയതിയിലെ 2161-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2019-ലെ 39-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2019 ഒക്ടോബർ 28-ാം തീയതി ആരംഭിച്ച് 2019 നവംബർ 21-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളന കാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2019-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2019 ഡിസംബർ 7-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2019-ലെ 40-ാം നമ്പർ ഓർഡിനൻസായി 2019 ഡിസംബർ 7-ാം തീയതിയിലെ 3013-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2019 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2020 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 2-ാം നമ്പർ ഓർഡിനൻസായി 2020 ജനുവരി 11-ാം തീയതിയിലെ 74-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 ജനുവരി 29-ാം തീയതി ആരംഭിച്ച് 2020 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2020 ഫെബ്രുവരി 17-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 13-ാം നമ്പർ ഓർഡിനൻസായി 2020 ഫെബ്രുവരി 18-ാം തീയതിയിലെ 559-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2020 മാർച്ച് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2020 മാർച്ച് 31-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 22-ാം നമ്പർ ഓർഡിനൻസായി 2020 മാർച്ച് 31-ാം തീയതിയിലെ 1015-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 ആഗസ്റ്റ് 24-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

12. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020-ലെ 56-ാം നമ്പർ ഓർഡിനൻസായി 2020 സെപ്റ്റംബർ 29-ാം തീയതിയിലെ 2215-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

13. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2020 ഡിസംബർ 31-ാം തീയതി ആരംഭിച്ച് അന്നേ ദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

14. 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ 272-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചു എങ്കിലും ആയത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

15. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 4-ാം നമ്പർ ഓർഡിനൻസായി 2021 ഫെബ്രുവരി 10-ാം തീയതിയിലെ 660-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

16. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച പതിനഞ്ചാം കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

17. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 72-ാം നമ്പർ ഓർഡിനൻസായി 2021 ജൂലൈ 2-ാം തീയതിയിലെ 1933-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

18. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ 29-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചു എങ്കിലും ആയത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

19. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 101-ാം നമ്പർ ഓർഡിനൻസായി 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2453-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

20. 2021-ലെ 101-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ, നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

വി. ശിവൻകുട്ടി.

# 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിൽ (1959-ലെ 6) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

*** *** *** ***

4.-സംസ്ഥാന വിദ്യാഭ്യാസ ഉപദേശക ബോർഡ്.—(1) വിദ്യാഭ്യാസ നയവും വിദ്യാഭ്യാസ വകുപ്പിന്റെ ഭരണകാര്യവും സംബന്ധിച്ച കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുന്ന ആവശ്യത്തിലേയ്ക്കായി ഔദ്യോഗികവും അനൗദ്യോഗികവും ആയ അംഗങ്ങളടങ്ങിയ ഒരു സംസ്ഥാന വിദ്യാഭ്യാസ ഉപദേശക ബോർഡ് സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിൽ ഒരു ചെയർമാനും ചെയർമാൻ ഉൾപ്പെടെ പതിനഞ്ചിൽ കവിയാത്ത അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. കേരള സർവ്വകലാശാലയുടെ വൈസ്-ചാൻസലർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ ബോർഡിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളായിരിക്കുന്നതാണ്. ബോർഡിലെ മറ്റംഗങ്ങളെ സർക്കാർ നിയമിക്കുന്നതാണ്. വിദ്യാഭ്യാസ വിചക്ഷണരോ വിദ്യാഭ്യാസത്തിന് മഹത്തായ സേവനം നല്കിയിട്ടുള്ളവരോ വിദ്യാഭ്യാസ ഭരണ കാര്യത്തിൽ പരിചയം ഉണ്ടായിരുന്നതോ ആയ ആളുകളിൽനിന്നും ആയിരിക്കണം അനൗദ്യോഗിക അംഗങ്ങളുടെ നിയമനം

*** *** *** ***

9.-എയ്ഡഡ് സ്കൂളുകൾക്കുള്ള ഗ്രാൻറുകളും അദ്ധ്യാപകരുടെ ശമ്പളം തുടങ്ങിയവയും.—(1) എയ്ഡഡ് സ്കൂളുകളിലെ എല്ലാ അദ്ധ്യാപകരുടെയും ശമ്പളം സർക്കാർ നേരിട്ടോ സ്കൂളിലെ ഹെഡ്മാസ്റ്റർ മുഖേനയോ നല്കേണ്ടതാണ്.

*** *** *** ***

17.-ജില്ലാ വിദ്യാഭ്യാസ അതോറിറ്റിയുടെ രൂപീകരണം.—(1) വിദ്യാഭ്യാസ സംബന്ധമായ ഭരണകാര്യങ്ങളിൽ ജനങ്ങളെ സഹകരിപ്പിക്കുന്നതിനും വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രാദേശിക താത്പര്യങ്ങൾ നിലനിർത്തുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനുമായി, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 53-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഓരോ ജില്ലാ ആസൂത്രണ കമ്മിറ്റിയും, ജില്ലയിൽ അധികാരിതയുള്ള ഒരു ജില്ലാ വിദ്യാഭ്യാസ അതോറിറ്റി രൂപീകരിക്കേണ്ടതാണ്;

(2) ജില്ലാ വിദ്യാഭ്യാസ അതോറിറ്റിയിൽ താഴെപ്പറയുന്ന ആളുകൾ ഉള്ളതായിരിക്കണം, അതായത് :—

*** *** *** ***

(ജി) ജില്ലയിലെ സർക്കാർ ഹൈസ്കൂളുകളുടെ ഹെഡ്മാസ്റ്റർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരാൾ;

(എച്ച്) ജില്ലയിലെ എയ്ഡഡ് ഹൈസ്കൂളുകളുടെ ഹെഡ്മാസ്റ്റർമാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരാൾ;

*** *** *** ***

22.-നിർവ്വചനങ്ങൾ.—ഈ ഭാഗത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

*** *** *** ***

(iv) " ഒരു സ്കൂളിൽ ഹാജരാകുക " എന്നാൽ വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ ആ പ്രദേശത്തെ പ്രാദേശിക വിദ്യാഭ്യാസ കമ്മിറ്റി നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള സ്കൂളിൽ, അങ്ങനെയുള്ള ദിവസങ്ങളിലും അങ്ങനെയുള്ള സമയത്തോ സമയങ്ങളിലും ഓരോ ദിവസത്തെയും അങ്ങനെയുള്ള പീരിയഡിലോ പീരിയഡുകളിലോ ബോധനത്തിനായി കൃത്യമായി ഹാജരാകുക എന്നർത്ഥമാകുന്നു.

*** *** *** ***

34.-അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കൽ.—സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, 14, 15, 36 എന്നീ വകുപ്പുകൾ പ്രകാരമുള്ള അധികാരങ്ങൾ ഒഴികെ ഈ ആക്റ്റ് പ്രകാരം അവരിൽ നിക്ഷിപ്തമായിരിക്കുന്ന എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ തദ്ദേശാധികാരസ്ഥാനത്തിനോ ഏൽപ്പിച്ച് കൊടുക്കാവുന്നതും അപ്രകാരം ഏൽപ്പിച്ചുകൊടുത്ത ഏതെങ്കിലും അധികാരം പിൻവലിക്കാവുന്നതും അത് സർക്കാരിന് നിയമപരമായിരിക്കുന്നതുമാണ്.

*** *** *** ***

(ശരിത്തർജ്ജമ )